പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1835 **26-10-2026-ൽ മറുപടിയ്ക്ക്**

എൻ.ഡി.പി.എസ്. കോടതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. ഐ. സി. ബാലകൃഷ്ണൻ	ശ്രീ. വി. ഡി. സതീശൻ
ശ്രീ. ആര്യാടൻ ഷൗക്കത്ത്	(മുഖ്യമന്ത്രി)
ശ്രീ. എഫ്. രാജ	

(എ) സംസ്ഥാനത്ത് ലഹരി കേസുകളിൽ പെട്ടെന്ന് വിചാരണ നടത്തി കുറ്റവാളികളെ ശിക്ഷിക്കാൻ നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ട് (എൻ.ഡി.പി.എസ്.)-ന്റെ കീഴിൽ 24 സ്പെഷ്യൽ കോടതികൾ കൂടി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

മറുപടി: സംസ്ഥാനത്ത് തൊടുപുഴ, കോഴിക്കോട് എന്നിവിടങ്ങളിൽ അനുവദിച്ചിട്ടുള്ള സ്പെഷ്യൽ NDPS കോടതികൾ കൂടാതെ ഈ വർഷം സർക്കാർ അനുവദിച്ചു നൽകിയ മഞ്ചേരി, പാലക്കാട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ 5 സ്പെഷ്യൽ NDPS കോടതികൾ ഉൾപ്പെടെ ആകെ 7 സ്പെഷ്യൽ കോടതികൾക്കാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. എൻ.ഡി.പി.എസ്. പ്രത്യേക കോടതികൾ ഇല്ലാത്ത ആലപ്പുഴ, കൊല്ലം, കാസറഗോഡ്, തലശ്ശേരി, കൽപ്പറ്റ, കോട്ടയം, പത്തനംതിട്ട എന്നീ ഏഴ് ജൂഡീഷ്യൽ ജില്ലകളിൽ കൂടി 11 പുതിയ തസ്തികകൾ വീതം അനുവദിച്ച് കൊണ്ട് എൻ.ഡി.പി.എസ്. പ്രത്യേക കോടതി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജൂഡീഷ്യറി) സമർപ്പിച്ച ശിപാർശ നിലവിൽ സി1/ 150/2025/ആഭ്യന്തരം ഫയലിൽ സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) അബ്കാരി നിയമപ്രകാരം എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്ന അബ്കാരി കോടതികളിൽ നിലവിൽ കേസുകൾ കുറവായതിനാൽ അബ്കാരി കോടതികൾ എൻ.ഡി.പി.എസ്. പ്രത്യേക കോടതികളാക്കി മാറ്റുന്നതിന് നിർദ്ദേശം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതും/ഡെസിഗ്നേറ്റ് ചെയ്യുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നത് ഹൈക്കോടതിയിൽ നിന്നും ലഭ്യമാകുന്ന ശിപാർശയുടെ അടിസ്ഥാനത്തിലാണ്.

അബ്കാരി നിയമപ്രകാരം എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്ന അബ്കാരി കോടതികളിൽ നിലവിൽ കേസുകൾ കുറവായതിനാൽ അബ്കാരി കോടതികൾ എൻ.ഡി.പി.എസ്. പ്രത്യേക കോടതികളാക്കി മാറ്റുന്ന വിഷയം ഹൈക്കോടതിയുടെ പരിഗണനയിലില്ലെന്ന് 23.10.2026 ലെ കത്ത് പ്രകാരം ഹൈക്കോടതി രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) നിലവിൽ ലഹരി കേസുകളിൽ വിചാരണ വൈകുന്നതിനാൽ വലിയ അളവിൽ ലഹരി വസ്തുക്കളുമായി പിടിക്കൂടപ്പെടുന്ന കേസുകളിലും പ്രതികൾ ആറുമാസത്തിനുള്ളിൽ തന്നെ ജാമ്യം നേടി പുറത്തിറങ്ങി വീണ്ടും ലഹരി വില്പന നടത്തുന്ന സാഹചര്യം തടയാൻ നടപടി സ്വീകരിക്കുമോ;വിശദാംശം ലഭ്യമാക്കുമോ?

<u>മറുപടി:</u> ലഹരിമരുന്ന് കേസുകളിൽ വിചാരണ വേഗത്തിലാക്കുന്നതിനും വലിയ അളവിൽ ലഹരിവസ്തുക്കൾ പിടിച്ചെടുക്കുന്ന കേസുകളിലെ പ്രതികൾ ജാമ്യത്തിൽ പുറത്തിറങ്ങി വീണ്ടും ലഹരിമരുന്ന് വിൽപ്പനയിൽ ഏർപ്പെടുന്ന സാഹചര്യം തടയുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി NDPS നിയമപ്രകാരമുള്ള കേസുകളിൽ ശാസ്ത്രീയവും ഫലപ്രദവുമായ അന്വേഷണം ഉറപ്പാക്കുന്നതിനും സമയബന്ധിതമായി കുറ്റപത്രം സമർപ്പിക്കുന്നതിനും, ഗുരുതരമായ കേസുകളിൽ ലഹരിമരുന്നിന്റെ ഉറവിടവും വിതരണശൃംഖലയും കണ്ടെത്തുന്നതിനും ആവർത്തിച്ചു കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതിനും പ്രത്യേക ശ്രദ്ധ ചെലുത്തി വരുന്നുണ്ട്. ജാമ്യത്തിൽ ഇറങ്ങുന്ന ഇത്തരം പ്രതികളുടെ പ്രവർത്തികൾ നിരന്തരം നിരീക്ഷിക്കുകയും, ലഹരിമരുന്ന് കടത്തിലും വിതരണത്തിലും തുടർച്ചയായി ഏർപ്പെടുന്നവരെ തടയുന്നതിനായി PIT NDPS Act (Prevention of Illicit Traffic in Narcotic Drugs and Psychotropic Substances Act, 1988) പ്രകാരം കരുതൽ തടങ്കലിൽ വയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളും പാലിച്ച് അർഹമായ കേസുകളിൽ കരുതൽ തടങ്കൽ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിലൂടെ ഇത്തരം കുറ്റവാളികൾ വീണ്ടും ലഹരിമരുന്ന് വ്യാപാരത്തിൽ ഏർപ്പെടുന്നത് തടയുക എന്നതാണ് ലക്ഷ്യം. ജാമ്യം അനുവദിക്കുന്നതും വിചാരണ നടത്തുന്നതും കോടതികളുടെ അധികാരപരിധിയിൽപ്പെടുന്ന കാര്യങ്ങളായതിനാൽ പ്രോസിക്യൂഷൻ ശക്തിപ്പെടുത്തുന്നതിനും വിചാരണ വേഗത്തിലാക്കുന്നതിനും നിയമാനുസൃതമായ ഏകോപനം ഉറപ്പാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇത്തരം കേസുകളുടെ വിചാരണ വേഗത്തിലാക്കുന്നതിനായി സ്പെഷ്യൽ കോടതികളുടെ പ്രവർത്തനങ്ങൾ ഉർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ